"ഭരണഭാഷ മാതൃഭാഷ"

WEC2-12174/2020

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 13/10/2020
ഇ-മെയിൽ: directorate.wcd@kerala.gov.in
ഫോൺ നം: 0471-2346534

# പരിപത്രം

വിഷയം: വനിത ശിശു വികസന വകുപ്പ് - വിധവകളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള ധനസഹായം 'പടവുകൾ' 2020-21 വർഷത്തേയ്ക്ക് അപേക്ഷകൾ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

സൂചന: സ.ഉ.(സാധാ)നം. 722/2018/സാ.നീ.വം, തീയതി. 18.12.2018

കേരളത്തിൽ ജനങ്ങളുടെ ആയുർദൈർഘ്യം വർദ്ധിച്ചിട്ടുണ്ടെങ്കിലും അപകടങ്ങൾ, പെട്ടെന്നുള്ള മരണം എന്നിവ ഏറി വരുന്നതായും പലപ്പോഴും ഇങ്ങനെയുള്ള വിധിവൈപരീതത്തിന് ഇരയാകുന്നത് പുരുഷമാരും അതിൽ തന്നെ ഭൂരിഭാഗവും കുടുംബനാഥൻമാരുമാണെന്ന് പഠനങ്ങൾ തെളിയിക്കുന്നത്. ഇത്തരത്തിൽ വിധവകളാക്കപ്പെടുന്ന സ്ത്രീകളും കുട്ടികളും അരക്ഷിതാവസ്ഥയിലും അനാഥത്വത്തിലുമാണ് തുടർന്നുള്ള ജീവിതം കഴിച്ച് കൂട്ടുന്നത്. ഇത്തരം കുടുംബ പശ്ചാത്തലത്തിൽ വളരുന്ന കുട്ടികൾക്ക് പഠിക്കാൻ കഴിവുണ്ടായിരുന്നാൽ പോലും അവർ ആഗ്രഹിക്കുന്ന തരത്തിൽ പഠിച്ച് മുന്നേറുവാൻ കഴിയാതെ വരുന്നുണ്ട്. അതിനുള്ള പ്രധാന കാരണം കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയില്ലായ്മയാണ്.

സാമ്പത്തിക ബുദ്ധിമുട്ടിനിടയിലും സമൂഹത്തിൽ മികച്ച നിലവാരത്തിലേക്ക് മക്കളെ വളർത്തി വലുതാക്കി കുടുംബത്തിന് താങ്ങായി നിർത്തുക എന്ന ചിന്തയിൽ മാത്രം ജീവിക്കുന്ന വിധവകളായ കുടുംബിനികൾ തങ്ങളുടെ മക്കളെ പഠിപ്പിക്കുവാൻ നന്നേ പ്രയാസപ്പെടുന്നു. ഒരു പക്ഷേ സമൂഹത്തിൽ ഉന്നത നിലവാരത്തിലെത്തേണ്ടവരായിരിക്കാം ഇങ്ങനെ തങ്ങളുടെ സ്വപ്നങ്ങളും ആഗ്രഹങ്ങളും ഉള്ളിലൊതുക്കി വിധിയെ പഴിച്ച് ജീവിക്കേണ്ടി വരുന്നത്. ചിലരെങ്കിലും നല്ല പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചിട്ടും പണമില്ലാത്തതിന്റെ പേരിൽ മാത്രം പ്രവേശനം നേടാതെ പോകുന്നുണ്ട്. മറ്റ്ചിലർ കോളേജിൽ പ്രവേശനം നേടിയതിന് ശേഷം ഫീസടയ്ക്കാൻ കഴിയാതെ പഠനം നിർത്തി പോകുന്നുമുണ്ട്. ഭർത്താവ്

മരണപ്പെട്ട സ്ത്രീകളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം നടത്താനുള്ള സാഹചര്യം വളരെ വിരളമാണെന്നത് ആണ് വസ്തുത. ഇത്തരം കുടുംബങ്ങളിലെ കുട്ടികൾ പ്രത്യേകിച്ച് ആൺകുട്ടികൾ മിക്കപ്പോഴും പന്ത്രണ്ടാം ക്ലാസ്സ് വരെയോ പരമാവധി ബിരുദം വരെയോ മാത്രമേ വിദ്യാഭ്യാസം നടത്തുന്നുള്ളൂ. ഇത്തരത്തിൽ തങ്ങളുടെ കഴിവുകൾ സാമൂഹിക സാമ്പത്തിക, സമ്മർദ്ദത്തിന് അടിയറവയ്ക്കേണ്ടി വരുന്ന കുട്ടികളാണ് പലപ്പോഴും സമൂഹത്തിൽ പ്രശ്നക്കാരാവുകയോ ദേശവിരുദ്ധ പ്രവർത്തനങ്ങളിലേക്ക് ആകർഷിക്കപ്പെടുകയോ ചെയ്യുന്നത്. മക്കളുടെ ഇത്തരം പ്രവർത്തികൾ വിധവകളായ അമ്മമാരെ സമ്മദർദ്ദത്തിലാഴ്ത്തുകയും അവരുടെ കുടുംബ ജീവിതത്തെ അരക്ഷിതാവസ്ഥയിലേക്ക് തള്ളിവിടുകയും ചെയ്യും.

ഇത്തരം പ്രവണതകൾ വർദ്ധിച്ച് വരുന്നത് സാംസ്കാരിക കേരളത്തിന്റെ തനിമക്കും ഭാവി തലമുറയ്ക്കും ആശാസ്യകരമല്ല. ഇത്തരം കുടുംബങ്ങളേയും കുട്ടികളേയും സംരക്ഷിക്കേണ്ടതും പുനരുദ്ധരിക്കേണ്ടതും സമൂഹത്തിന്റെയും ഭരണ വിഭാഗത്തിന്റെയും പ്രധാന കടമകളിലൊന്നായി കാണേണ്ടതുണ്ട്. വിധവകളായ സ്ത്രീകളുടെ കുടുംബത്തിന്റെ ഭാവി സുരക്ഷിതമാക്കുന്നതിനായി അവരുടെ വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് സർക്കാർ-സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ്, മെസ് ഫീസ് എന്നിവയ്ക്ക് ധനസഹായം നൽകുക എന്ന ഉദ്ദേശത്തോടെ 'പടവുകൾ' എന്ന ഉന്നത വിദ്യാഭ്യാസ ധനസഹായ പദ്ധതി 2018-19 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

ടി പദ്ധതിയുടെ വിശദാംശങ്ങളും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളും ചുവടെ ചേർക്കുന്നു.

**പദ്ധതി ധനസഹായം**

1. പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന (എം.ബി.ബി.എസ്., എഞ്ചിനിയറിംഗ്, ബി.ഡി.എസ്., BHMS, BAMS തുടങ്ങിയവ) വിധവകളുടെ മക്കളുടെ ട്യൂഷൻ ഫീസും, ഹോസ്റ്റലിൽ താമസിക്കുന്നവരാണെങ്കിൽ സ്ഥാപനം നിശ്ചയിച്ചിട്ടുള്ള മെസ്സ് ഫീസും നൽകുന്നു.
2. സെമസ്റ്റർ ഫീസാണെങ്കിൽ വർഷം 2 തവണയും വാർഷിക ഫീസാണെങ്കിൽ ഒറ്റത്തവണയായും ധനസഹായം ലഭിക്കും.
3. സർക്കാർ - സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്നവരായിരിക്കണം.

**പദ്ധതി മാനദണ്ഡം**

1. മെരിറ്റ് അടിസ്ഥാനത്തിൽ സർക്കാർ - സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പ്രവേശനം നേടിയവരായിരിക്കണം.

3. മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സർവ്വകലാശാലകൾ അംഗീകരിച്ചിട്ടുള്ള കോളേജുകൾ എന്നിവയിൽ പഠിക്കുന്നവരായിരിക്കണം)
4. കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവരായിരിക്കണം.
5. കുടുംബത്തിന്റെ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ കവിയാൻ പാടില്ല.

ധനസഹായത്തിനുള്ള അപേക്ഷകൾ ശിശു വികസന പദ്ധതി ഓഫീസർമാർ 20.11.2020 വരെ സ്വീകരിക്കേണ്ടതും ലഭിക്കുന്ന അപേക്ഷകളിൽ നിന്നും എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്നതും ആവശ്യപ്പെട്ട എല്ലാ രേഖകളും ഉള്ള അപേക്ഷകൾ വ്യക്തമായ ശുപാർശയോടെ 30.11.2020ന് മുൻപ് ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക് കൈമാറേണ്ടതുമാണ്. ജില്ലാ വനിത ശിശു വികസന ഓഫീസർമാർ ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളുടെ ലിസ്റ്റ് (മുൻഗണന അടിസ്ഥാനത്തിൽ തയ്യാറാക്കി) നിശ്ചിത പ്രൊഫോർമയിൽ ജില്ലാ കളക്ടർ അധ്യക്ഷനായുള്ള കമ്മിറ്റിയുടെ അംഗീകാരത്തോടെ 23.12.2020ന് മുൻപ് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

<u>കമ്മിറ്റിയുടെ ഘടന</u>

| | | | |
|---|---|---|---|
| 1. | ജില്ലാ കളക്ടർ | – | അദ്ധ്യക്ഷൻ |
| 2. | ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ (ജില്ലാ പഞ്ചായത്ത്) | – | മെമ്പർ |
| 3. | ഡി.എം.ഒ. | – | മെമ്പർ |
| 4. | ജില്ലാ ഇൻഫർമേഷൻ ഓഫീസർ | – | മെമ്പർ |
| 5. | പ്രിൻസിപ്പാൾ (സർക്കാർ/ എയ്ഡഡ് കോളേജ്) | – | മെമ്പർ |
| 6. | ജില്ലാ വനിത ശിശു വികസന ഓഫീസർ | – | കൺവീനർ |

Sende

വനിത ശിശു വികസന ഡയറക്ടർക്ക് വേണ്ടി

1. എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
2. എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
3. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

**പകർപ്പ്:**

1. സൂപ്രണ്ട്, ആഡിറ്റ് സെക്ഷൻ
2. ഫിനാൻസ് ഓഫീസർ,
3. ഡയറക്ടറുടെ സി.എ.
4. സ്റ്റോക്ക് ഫയൽ/ സ്പെയർ

## വിധവകളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായത്തിനുള്ള അപേക്ഷ

| | | | | |
|---|---|---|---|---|
| 1 | അപേക്ഷകയുടെ പേരും മേൽവിലാസവും (പിൻകോഡ് ഉൾപ്പെടെ) | | | |
| 2 | ഫോൺ നമ്പർ | | | |
| 3 | വിദ്യാഭ്യാസ ധനസഹായം ലഭിക്കേണ്ട കുട്ടിയുടെ പേരും ജനനതീയതിയും | | | |
| 4 | പഠിക്കുന്ന സ്ഥാപനത്തിന്റെ പേരും മേൽവിലാസവും | | | |
| 5 | പഠിക്കുന്ന കോഴ്സിന്റെ പേര്, ആകെ പഠിക്കേണ്ട വർഷം | | | |
| 6 | ഇപ്പോൾ പഠിക്കുന്ന വർഷം | | | |
| 7 | സർക്കാർ മെരിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ചതാണോ? | | | |
| 8 | പ്രവേശന പരീക്ഷയുടെ റാങ്ക് നം., പ്രവേശന പരീക്ഷയുടെ പേര് | | | |
| 9 | പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യതയുടെ മാർക്ക് (+2, ഡിഗ്രി etc.) | ആകെ മാർക്ക് | ലഭിച്ച മാർക്ക് | എത്ര ശതമാനം മാർക്ക് ലഭിച്ചു |
| | | | | |
| 10 | ഒരു വർഷത്തേയ്ക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് എത്ര? | | | |
| 11 | പ്രതിമാസ ഹോസ്റ്റൽ ഫീസ് (മെസ് ഉൾപ്പെടെ) എത്ര? | | | |
| 12 | അപേക്ഷകയുടെ ബാങ്ക് അക്കൗണ്ട് നം., ബ്രാഞ്ച്, IFSC | | | |
| 13 | സർക്കാരിൽ നിന്നും മറ്റ് സ്കോളർഷിപ്പുകൾ ലഭിക്കുന്നുണ്ടോ? | | | |
| 14 | പഠനാവശ്യത്തിനായി മറ്റേതെങ്കിലും ധനസഹായം തൻവർഷത്തേയ്ക്ക് ലഭിച്ചിട്ടുണ്ടോ?/ ലഭിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ വിശദവിവരം | | | |
| 15 | വാർഷിക വരുമാനം | | | |

സ്ഥലം:

തീയതി: അപേക്ഷകയുടെ ഒപ്പ്:

## വിദ്യാഭ്യാസ സ്ഥാപന മേലധികാരിയുടെ സാക്ഷ്യപത്രം

. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . എന്ന കുട്ടി ഈ സ്ഥാപനത്തിൽ സർക്കാർ മെരിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ചിട്ടുള്ളതും പ്രവേശന പരീക്ഷയുടെ റാങ്ക് ലിസ്റ്റിൽ . . . . . . . . . . . . . . . . . . . . ആയി ഉൾപ്പെട്ടിരുന്നതുമാണ്. നിലവിൽ ഈ കുട്ടി . . . . . . . . . . . . . . . . . . . . . . . . . . . . . . . എന്ന കോഴ്സിന് . . . . . . . . . . . . . . . . . . . . . വർഷം പഠിക്കുകയാണെന്നും ടിയാളുടെ വാർഷിക ഫീസ് . . . . . . . . . . . . . . . രൂപയും ഹോസ്റ്റൽ ഫീസ് . . . . . . . . . . . രൂപയും ആണെന്നും ടിയാൾക്ക് സർക്കാർ തലത്തിൽ നിന്നും സ്കോളർഷിപ്പുകൾ ഒന്നും ഈ സ്ഥാപനം വഴി ലഭിക്കുന്നില്ല എന്നും സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: **വിദ്യാഭ്യാസ സ്ഥാപന മേലധികാരിയുടേ ഒപ്പ്:**

തീയതി: **പേര്:**

(സീൽ)

## ശിശു വികസന പദ്ധതി ഓഫീസറുടെ ശുപാർശ

ശ്രീമതി . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . വിധവയാണെന്നും ടിയാളുടെ മകൻ /മകൾ സർക്കാർ മെരിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ചിട്ടുള്ളതും സ.ഉ.(സാധാ) നം. . . . . . . . . . . . . . . . . . തീയതി. . . . . . . . . . . മാനദണ്ഡങ്ങൾ അനുസരിച്ച് വിദ്യാഭ്യാസ ധനസഹായത്തിന് അർഹതയുണ്ട് എന്നും സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: **ശിശു വികസന പദ്ധതി ഓഫീസർ**

തീയതി:

(സീൽ)

**പദ്ധതി മാനദണ്ഡം**

1. മെരിറ്റ് അടിസ്ഥാനത്തിൽ സർക്കാർ/ സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പ്രവേശനം നേടിയവരായിരിക്കണം.
2. മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സർവ്വകലാശാലകൾ അംഗീകരിച്ചിട്ടുള്ള കോളേജുകൾ എന്നിവയിൽ പഠിക്കുന്നവരായിരിക്കണം.
3. കേന്ദ്ര സംസ്ഥാന സർക്കാരുടെ അംഗീകരിച്ചിട്ടുള്ള പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവരായിരിക്കണം
4. കുടുംബത്തിന്റെ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ കവിയാൻ പാടില്ല.
5. കൂടുതൽ അപേക്ഷകൾ ഉള്ളപക്ഷം പ്രവേശന പരീക്ഷയുടെ മാർക്ക്/ പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യതയുടെ മാർക്ക്, വാർഷിക വരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിക്കുന്നതാണ്.
6. സർക്കാർതലത്തിൽ നിന്നും മറ്റ് സ്കോളർഷിപ്പുകൾ ലഭിക്കുന്നവർ ഈ ധനസഹായത്തിന് അർഹരല്ല.
7. അങ്കണവാടി വർക്കർ/ ഹെൽപ്പർ, ആശാവർക്കർമാർ, പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാർ ഒഴികെയുള്ള സർക്കാർ ജീവനക്കാർ ഈ ആനുകൂല്യത്തിന് അർഹരല്ല.
8. ധനസഹായ തുക അപേക്ഷകയുടെ (മാതാവിന്റെ) ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നു.
9. ധനസഹായം ലഭിക്കേണ്ട കുട്ടി വിധവയുടെ മകൻ/ മകൾ ആയിരിക്കണം.

**ധനസഹായത്തിന് അപേക്ഷിക്കേണ്ട വിധവും ഹാജരാക്കേണ്ട രേഖകളും**

1. അപേക്ഷ ഫോറം (നിശ്ചിത മാതൃകയിലുള്ളത്)
2. കോഴ്സ്, ഫീസ് സംബന്ധിച്ച അപേക്ഷയോടൊപ്പമുള്ള സാക്ഷ്യപത്രം (മേലധികാരി സാക്ഷ്യപ്പെടുത്തിയത്)
3. വിദ്യാർത്ഥിയുടെ മാതാവി വിധവയാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അസ്സൽ (വില്ലേജ് ഓഫീസർ നൽകുന്നത്)
4. വരുമാന സർട്ടിഫിക്കറ്റിന്റെ അസ്സൽ
5. പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യതാ സർട്ടിഫിക്കറ്റിന്റെ പകർപ്പ് (മാർക്ക് ലിസ്റ്റ് ഉൾപ്പെടെ)
6. അപേക്ഷ ശിശു വികസന പദ്ധതി ഓഫീസർക്ക് നൽകേണ്ടതാണ്.
7. മുൻവർഷം പടവുകൾ പദ്ധതി പ്രകാരം ധനസഹായം ലഭിച്ചവർ 2019-20 വർഷത്തെ ട്യൂഷൻ ഫീസ്, ഹോസ്റ്റല് ഫീസ്. ഹോസ്റ്റൽ മെസ്സ് ഫീസ് എന്നിവയുടെ രസീതിന്റെ പകർപ്പുകൾ
8. ധനസഹായം ലഭിച്ച തുക മേൽപ്പറഞ്ഞവയുടെ ആകെ തുകയിൽ നിന്നും അധികരിക്കുന്നില്ല എന്ന അപേക്ഷകയുടെ സാക്ഷ്യപത്രം.

# <u>സാക്ഷ്യപത്രം</u>

2019-20 വർഷം ...................................... കോളേജിൽ .........
വർഷം ...................................................... കോഴ്സിന്
പഠിച്ചിരുന്ന എന്റെ മകൻ/ മകൾ ........................................ ക്ക്/ന്
പടവുകൾ പദ്ധതി പ്രകാരം ..................... രൂപ ധനസഹായം ലഭിച്ചത് മകന്റെ/
മകളുടെ 2019-20ലെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ മെസ്സ് ഫീസ് ആയി അടച്ച ...............
...... രൂപയിൽ നിന്നും അധികരിച്ചിട്ടില്ലെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: **അപേക്ഷകയുടെ ഒപ്പ്:**

തീയതി: **പേര്:**

(സീൽ)

## പടവുകൾ 2020-21 – അർഹരായ ഗുണഭോക്താക്കളുടെ പേര് വിവരം

ജില്ല: ................................

| ക്രമ നം. | മുൻഗണനാ നമ്പർ | ഐസിഡിഎസ് പ്രോജക്ട് | അപേക്ഷകയുടെ പേരും മേൽവിലാസവും | വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സിന്റെ പേരും വർഷവും സ്ഥാപനത്തിന്റെ പേരും | ട്യൂഷൻ ഫീസ് | ഹോസ്റ്റൽ ഫീസ് | ആകെ അനുവദിക്കാവുന്ന തുക | അഭിപ്രായം സർക്കാർ/ സർക്കാർ അംഗീകൃത സ്ഥാപനം |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |
| | | | ആകെ | | | | | | |